# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴുവിലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TVM-1079/GP-8/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴവിലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TVM-1079/GP-8/2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ലിഷ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എ അൻസാർ | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി | പ്രസിഡന്റ് | 06-11-2020 | 31-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി മനോന്മണി | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീമതി മിനി ജി | സെക്രട്ടറി | 01-04-2020 | 17-02-2021 |
| ശ്രീ സ്റ്റാർലി ഒ എസ് | സെക്രട്ടറി | 18-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ ബെൻസിലാൽ കെ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ബേബി സജനി റാഹസ് | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അബിത ജി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രഭുലാൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ മിനി എ കെ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ ദീപ രവി | മെഡിക്കൽ ഓഫീസർ, PHC | 01-04-2020 | 31-03-2021 |
| ഡോ ദിവ്യ കെ പി | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2020 | 25-01-2021 |
| ഡോ രമ്യ ദത്ത് | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 26-01-2021 | 11-02-2021 |
| ഡോ തങ്ക ആർ | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 12-02-2021 | 31-03-2021 |
| ശ്രീമതി വീണ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2020 | 31-03-2021 |
| ശ്രീ ബിനു പ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 07-01-2021 | 31-03-2021 |
| ഡോ സി ജെ ജിജിഭായ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ സതീഷ്കുമാർ എസ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ അനൂപ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2020 | 06-01-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-4 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Priyadarshini.S.R (Auditor, On 30-06-2022)<br>Last Updated By: Priyadarshini.S.R (Auditor, On 30-06-2022) | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: Priyadarshini.S.R (Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-6 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Priyadarshini.S.R (Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-9 |
| 12 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Priyadarshini.S.R (Auditor, On 29-06-2022)<br>Last Updated By: Lisha.K.V (Asst. Audit Officer, On 29-06-2022) | 1-10 |
| 13 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല<br>Written By: Priyadarshini.S.R (Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-11 |
| 14 | വസ്തു നികുതി ഇളവ്- വിമുക്തഭടൻമാർ -സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല<br>Written By: Priyadarshini.S.R (Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-12 |
| 15 | തെരുവുവിളക്ക് സ്ഥാപിക്കൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Priyadarshini.S.R (Auditor, On 29-06-2022) | 1-13 |
| 16 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-14 |
| 17 | പത്രപ്പരസ്യം-അനുവദനീയമായതിലും അധികനിരക്ക് നൽകി<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-15 |
| 18 | രേഖകൾ ഹാജരാക്കിയില്ല – 454060/-രൂ തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 29-06-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: Sindhu P.S (Audit Officer, On 29-06-2022) | |
| 19 | ഫയലുകൾ ഹാജരാക്കിയില്ല – 108576/-രൂ തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-17 |
| 20 | ഗ്രാമകേന്ദ്രങ്ങൾ - പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-18 |
| 21 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-19 |
| 22 | ഹരിത കർമ്മ സേനക്ക് പ്രതിഫലം- സർക്കാർ ഉത്തരവ് പാലിച്ചില്ല<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-20 |
| 23 | ലൈഫ് (ജനറൽ) ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല -<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-21 |
| 24 | പട്ടിക ജാതി ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകൽ - രേഖകൾ ലഭ്യമല്ല – ചെലവു തുക 900000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-22 |
| 25 | അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-23 |
| 26 | അനുപൂരക പോഷകാഹാര പദ്ധതി - ടി.ഡി.എസ് ഈടാക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-24 |
| 27 | പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-25 |
| 28 | പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 1-26 |
| 29 | പിഎച്ച്സിയുടെ ആംബുലൻസ് ലോഗ് ബുക്ക് പരിശോധന<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 1-27 |
| 30 | പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-28 |
| 31 | കേദാരം സമഗ്ര നെൽകൃഷി വികസനം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-29 |
| 32 | കൃഷി ഓഫീസറുടെ വിവിധ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-30 |
| 33 | സുഭിക്ഷ കേരളം - പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi S (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 29-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu P.S (Audit Officer, On 29-06-2022)<br>Last Updated By: Sindhu P.S (Audit Officer, On 30-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ബജറ്റ് 24.03.2020 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

എ) ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18420718.40 |
| വരവ് | 363233170 |
| ആകെ | 381653888.40 |
| ചെലവ് | 371553565 |
| നീക്കിയിരിപ്പ് | 10100323.40 |

കമ്മിറ്റിയുടെ 1/1 തീയതി 22.02.2021-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബി) ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ (തീയതി ഉൾപ്പെടെ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണം നമ്പർ 25/25.06.2022 ന്റെ മറുപടി).

| ക്രമ നം. | ഇനം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 12.12.19 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 10.01.20 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 27.01.20 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 15.02.20 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 25.02.20 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 17.03.20 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 24.03.20 |

| | | |
|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 24.03.20 |

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.25/25.06.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ച ബജറ്റ് തയ്യാറാക്കുന്നതിനു വേണ്ട സത്വര നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

ഇ) 2020-21 വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/വകയിരുത്താതെ തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം, ഹെഡ് കോഡ് (ബജറ്റ് പ്രകാരം ) | AFS പ്രകാരമുള്ള ഹെഡ് കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501003 മറ്റ് കാർഷിക വികസന പരിപാടികൾ | 250100301,302,309 | 0 | 11,27,276 |
| 2 | 2511014 പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധനസഹായം | 251100701,703,705 | 6,00,000 | 2088968 |

കൂടാതെ ബജറ്റിൽ പ്രതീക്ഷിത വരവായി 2,00,000രൂപ ഉൾപ്പെടുത്തിയിട്ടുള്ള 1407001 സർവീസ്/അഡ്മിനിസ്ട്രേറ്റീവ് ചാർജുകൾ എന്ന ഹെഡ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.32/27.06.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ILGMS ഹെഡുകളും ബജറ്റ് ഹെഡുകളും ക്രോഡീകരിച്ച് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 14.06.2022 (ILGMS) |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

എ) വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. 2020-21 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ 430100101-Opening Stock-Stores, 430100101-Closing Stock-Stores എന്നീ ഹെഡ്ഡുകളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

4. 2020-21 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ഏതാനും ഇനങ്ങൾക്ക് ക്ലോസിംഗ് ബാലൻസിന്റെ Debit, Credit കോളങ്ങളിൽ തുക രേഖപ്പെടുത്തിയിരിക്കുന്നു.

5. ഗ്രാമപഞ്ചായത്തിലെ Fixed Asset- കളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷത്തെ Depreciation Statement ലഭ്യമാക്കിയിട്ടില്ല.

6. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 1989227 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക ഏതൊക്കെ പ്രോജക്ടുകളുമായി ബന്ധപ്പെട്ടവയാണോയെന്ന് വ്യക്തമല്ല.

7. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350300101 – Government And Other Dues Payable – Library Cess എന്ന ഹെഡ്ഡിൽ 178302 രൂപയും 350300199 – Government And Other Dues Payable – Others എന്ന ഹെഡ്ഡിൽ 142748 രൂപയും സർക്കാരിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

8. ബി 18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ പറയുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 5070 |
| 460100199 | Other Advances | 358322 |

2019-20 വർഷത്തെ ബാലൻസ് ഷീറ്റിലും 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും 460500204 - Advance To Implementing Agencies – Deposit With Ground Water Departmentഎന്ന ഹെഡ്ഡിൽ 204500 രൂപയും 460500399 - Advance To Other Authorised Agencies എന്ന ഹെഡ്ഡിൽ 170300 രൂപയും അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

9. ചുവടെ പറയുന്ന ഇനങ്ങളുടെ 2020-21 വർഷത്തെ ഡിസിബി സ്റ്റേറ്റ്മെന്റ്, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ്ഡ് | ഇനം | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 110200102 | Profession Tax - Employees | 969890 | 941640 |
| 431400101 | Rent Receivables From Buildings (Current) | 47940 | 48216 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.6/21.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1 മുതൽ 5 വരെയുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ക്രമ നം.6 മുതൽ 9 വരെയുള്ളവയുടെ മറുപടി ചുവടെ ചേർക്കുന്നു.

A. ക്രമ നം. 6 പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതമായ 1989227 രൂപ കേരള വാട്ടർ അതോറിറ്റിയുടെ അറിയിപ്പ് പ്രകാരം ജലജീവൻ പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുള്ളതാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാലാണ് തുക ഒടുക്കാത്തതെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് അടയ്ക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രോജക്ട് എത്രയും വേഗം നടപ്പിലാക്കുന്നതിനും ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

B. ക്രമ നം.7 പ്രകാരമുള്ള 178302 രൂപയിൽ 177084 രൂപ അടവാക്കിയിട്ടുണ്ടെന്നും 350300199 – Government And Other Dues Payable – Others എന്ന ഹെഡ്ഡിലുള്ള 142748 രൂപ സംബന്ധിച്ച് വ്യക്തത വരുത്തി തുക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയത് ചെയ്യേണ്ടതും 350300101 – Government And Other Dues Payable – Library Cess എന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന 1218 രൂപ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

C. ക്രമ നം. 8 പ്രകാരമുള്ള തുകകളിൽ 5070 രൂപ സംബന്ധിച്ച് വ്യക്തത ഇല്ലായെന്നും ആയത് വ്യക്തത വരുത്തി ഈടാക്കി അറിയിക്കുന്നതാണെന്നും 358322 രൂപയിൽ 165293 രൂപ ഡിഡിഎംസിയിൽ നിന്നും തിരികെ ലഭിക്കാനുള്ളതാണെന്നും, 15000/- 2021-22ൽ ചെലവ് ചെയ്തതായും, വ്യക്തത ഇല്ലാത്ത 178029 രൂപ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയത് ലഭ്യമാക്കേണ്ടതാണ്,

D. ക്രമ നം.9 പ്രകാരമുള്ള 969890 രൂപയിൽ 28250 രൂപ പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി സാലറിയിൽ നിന്നും റിക്കവറി നടത്തിയിട്ടുള്ള തുകയാണെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുക അക്കൗണ്ട്സിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമല്ല.

10. 2019-20 വർഷത്തെ ധനകാര്യപത്രികയിൽ (B-11) നീക്കിയിരിപ്പ് ആയി ഉണ്ടായിരുന്ന ചുവടെ പറയുന്ന സ്ഥിര ആസ്തികൾ 2020-21 ൽ മുന്നിരിപ്പായി വന്നിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 410100101 | Land-Markets | 9050000 |
| 410100199 | Land-Others | 38975000 |
| 410200101 | Building - Markets | 485600 |
| 410200199 | Building - Others | 23739736 |
| 410300101 | Roads – Cement Concrete | 21339160 |
| 410300201 | Lanes-Cement Concrete | 5786184 |
| 410710101 | Movable Assets – Plant, Machinery & Tools | 947168 |
| 410710199 | Movable Assets- Others | 98475 |

11. സ്ഥിര ആസ്തികൾ മുൻ ധനകാര്യപത്രികയിൽ നീക്കിയിരിപ്പ് ആയി ഇല്ലായിരുന്നവ തൻവർഷം മുന്നിരിപ്പായി വന്നിരിക്കുന്നു. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 415110201 | Foptpaths-Footpaths | 168338 |
| 415120102 | Other Buildings-New Building | 24537062 |
| 415130301 | Farm Road Farm Road | 6419659 |

12. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (2574328), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (-5268335) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

13. ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാർക്കുള്ള വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ പ്രകാരമുള്ള മാർച്ച് 2021 ലെ ചെലവുകൾക്ക് ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

14. 2020-21 AFS B-15 Schedule പ്രകാരം Receivables Of Redemption ഇനത്തിൽ 12534278 രൂപ ലഭിക്കാനുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.11/22.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

15. 2020-21 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ തുകകളും എൻ.ആർ.ഇ.ജി.എസ് ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ്

പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എൻ.ആർ.ഇ.ജി.എസ് ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|---|
| 1 | വരവ് | 58005928 | 57924297 |
| 2 | ചെലവ് | 57834210 | 57924297 |

16. ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം വന്നിരിക്കുന്നു.

| ഡെപ്പോസിറ്റ് ഇനം | മുന്നിരിപ്പ് (2019-20 B-7) | വരവ് | ആകെ | ചെലവ് | യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2020-21 B-7) |
|---|---|---|---|---|---|---|
| Bidders -EMD | 178027 | 112480 | 290507 | 53232 | 237275 | 227275 |
| Suppilers -EMD | 13400 | 85000 | 98400 | 0 | 98400 | 55900 |
| Election Deposit | - | 108500 | 108500 | 14000 | 94500 | 93500 |
| Water Deposit | 663742 | 70500 | 734242 | 75000 | 659242 | 654742 |

കൂടാതെ ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ ഇപ്പോഴും തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡെപ്പോസിറ്റ് ഇനം | കാലാവധി കഴിഞ്ഞ തുക (2017-18 വരെയുള്ളത്) |
|---|---|---|
| 1 | Bidders -EMD | 11000 |
| 2 | Suppilers -Security Deposit | 1500 |
| 3 | Contractors Retention | 69939 |
| 4 | Other Deposit | 76081 |
| 5 | Rent Deposit | 30612 |
| 6 | Auction Deposit | 10000 |
| 7 | Water Deposit | 460842 |

മൂന്ന് വർഷത്തിന്മേലുള്ള ഡെപ്പോസിറ്റ് തുകകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

17. LGTSB (Own Fundഅക്കൗണ്ട് നം. 799013000000624) അക്കൗണ്ടിന്റെ 31.03.21 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇഷ്യൂ ചെയ്ത് 3 മാസത്തിനകം ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത 6146 രൂപ (ചെക്ക് നം.6116511/25.05.20 – തുക 4346, ചെക്ക് നം.6116589/30.09.20 – തുക 1300) Stale Cheque ആയി മാറ്റി ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.26/26.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 16 ലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ക്രമ നം. 17 ലെ 6146 രൂപ കോൺട്ര ചെയ്ത് വരവ് എടുത്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

ബി) ILGMS അക്കൌണ്ടിംഗ്

08.10.2020 ൽ പഞ്ചായത്ത് ILGMS എന്ന പുതിയ Software യിലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Account Head കളിലെ വ്യത്യാസം

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ Trial Balance, 2020-21 ലെ ILGMS Trial Balance എന്നിവ പരിശോധിച്ചതിൽ ഇനങ്ങളുടെ അക്കൗണ്ട് ഹെഡുകളിൽ വ്യത്യാസം വന്നിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Headcode As Per | Headcode As Per |
|---|---|---|

| | Sankya AFS | ILGMS AFS |
|---|---|---|
| NREGA | 320100101 | 320100128 |
| ICDS | 320100121 | 320100196 |
| Grants From Suchitwa Mission | 320200322 | 320100198 |
| Property Tax On Non-residential Buildings | 110100103 | 110100102 |
| Fee For Issue Of Death Certificate | 140130102 | 140130106 |
| Market Receipts | 140500111 | 140500202 |
| Fee For Issue Of Marriage Certificate | 140130103 | 140130112 |
| Fee For Extracts Ofas Per RTI | 140130104 | 140130119 |
| Restoration Charges For Road Cutting | 140700101 | 140500209 |
| Government And Other Dues Payable-CGST | 350300110 | 350200205 |
| Government And Other Dues Payable-SGST | 350300111 | 350200206 |
| Government And Other Dues Payable-Flood Cess | 350300116 | 350300111 |
| SSA | 320100116 | 320100162 |
| Literacy Scheme Grant | 320200309 | 320100197 |
| Government And Other Dues Payable-Value Added Tax | 350300103 | 350200202 |
| Receipts From Auction Of Obsolete Assets | 150120104 | 150120103 |

2. ഒരേ അക്കൗണ്ട് ഹെഡിന് സാംഖ്യയിലും ഐ എൽ ജി എം എസ്-ലും വെവ്വേറെ ഇനം രേഖപ്പെടുത്തിയിരിക്കുന്നു.

| Account Head | Sankhya | ILGMS |
|---|---|---|
| 140500111 | Market Receipts | Other User Charges Collected |
| 210200204 | Festival Allowance | Uniform Allowance |

3. സാംഖ്യയിലെ B-11 എന്ന ഷെഡ്യൂളിന് പകരം ഐ എൽ ജി എം എസ്-ൽ B-11, B-11 (A), B-11 (B), B-11 (C), B-11 (D), B-11 (E) എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ സാംഖ്യയിലെ B-11 (A) യിൽ ഉൾപ്പെടുത്തിയിരുന്ന Capital Work In Progress എന്ന ഇനം ഐ എൽ ജി എം എസ്-ൽ B-11 (B) ആയി ചേർത്തിരിക്കുന്നു.

4. സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം കാണുന്നു.

| Schedule | Sankhya | ILGMS |
|---|---|---|
| Earmarked Funds | RP- 29 | RP- 28 |
| Grants, Funds & Contributions For Specific Purposes | RP- 31 | RP- 30 |
| Secured Loans | RP- 32 | RP- 31 |
| Deposits Received | RP- 34 | RP- 33 |
| Other Liabilities | RP- 36 | RP- 35 |
| Sundry Debtors (Receivables) | RP- 43 | RP- 45 |
| Establishment Expenses | RP- 11 | RP- 12 |
| Administrative Expenses | RP- 12 | RP- 13 |
| Operations & Maintenance | RP- 13 | RP- 14 |
| Loans, Advances & Deposits | RP- 47 | RP- 49 |

5. മുൻ വർഷത്തെ പല അക്കൗണ്ടുകളും പുതിയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താതെ പ്രത്യേക ഒരു അക്കൗണ്ടായി രേഖപ്പെടുത്തിയിരിക്കുന്നു.

| സാംഖ്യ അക്കൗണ്ടിലെ വിവരം | | | ILGMS അക്കൗണ്ടിലെ വിവരം | | |
|---|---|---|---|---|---|
| ഹെഡ് കോഡ് | ഇനം | തുക | ഹെഡ് കോഡ് | ഇനം | തുക |
| 450610101 | Indian | 7072 | 450210101 | Nationalised Bank | 21026461 |

| | | | | | |
|---|---|---|---|---|---|
| | Overseas Bank 5722 | | | | |
| 450420101 | Federal Bank 8229 | 5722 | | | |
| 450210101 | Indian Overseas Bank 0534 | 20331661 | | Account Of Own Revenue Fund | |
| 450410102 | Indian Overseas Bank 3483 | 51833 | | | |
| 450210102 | State Bank Of India 9820 | 630173 | | | |
| 450650109 | Treasury STSB-Joint Venture | 5151413 | 450210104 | Treasury Accounts Of Traditional Functions | 16384638 |
| 450250110 | Treasury TSB A/C | 11233225 | | | |

6. ILGMS ട്രയൽ ബാലൻസിൽ പഞ്ചായത്ത് ജനറൽ ഫണ്ട് ഇനത്തിൽ ഡെബിറ്റിലും ക്രഡിറ്റിലും തുക രേഖപ്പെടുത്തി മുന്നിരിപ്പ് ക്രമീകരിച്ചിരിക്കുന്നു. Profession Tax – Traders എന്നതിന് പുതിയ Head 110200105 ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 140110111 – (Belated Fee) എന്ന Head ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/23.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. അപാകതകൾക്ക് വിശദമായ മറുപടി നൽകേണ്ടതാണ്.

ILGMS-മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം .

പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 08.10.2020 തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2019-20 ബാലൻസ് ഷീറ്റിലെ വിവിധ ക്ലോസിംഗ് ബാലൻസുകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2019-20 ൽ സാംഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2020-21 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

3. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. 2019-20 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്. കാരണം വിശദീകരിച്ചിട്ടില്ല.

5. 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

6. 2019-20 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2020-21 ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18051991 | 18051991 | 17854067 | 197924 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 15633961 | 15633961 | 15206596 | 427365 |
| വികസനഫണ്ട് (CFC Tied) | 0 | 7430000 | 7430000 | 78545 | 7351455 |
| വികസനഫണ്ട് (CFC Untied Basic) | 0 | 18000018 | 18000018 | 9181223 | 8818795 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 24013000 | 24013000 | 23528534 | 484466 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5355281 | 5355281 | 4375438 | 979843 |

2020-21 വർഷം ലഭിച്ച വിവിധ ഗ്രാന്റുകൾ/ഫണ്ടുകളിൽ ഒന്നുപോലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

ഗ്രാന്റിന്റെ മേഖല തിരിച്ചുള്ള വിനിയോഗം

എ) വിവിധ ഗ്രാന്റുകൾ/ഫണ്ടുകളുടെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 14270028 | 10915729 | 76.5 |
| | പട്ടിക ജാതി | 1160000 | 764000 | 65.9 |
| സേവനം | പൊതുവിഭാഗം | 48752457 | 27199764 | 55.8 |
| | പട്ടിക ജാതി | 24513905 | 13587210 | 55.4 |
| പശ്ചാത്തലം | പൊതുവിഭാഗം | 41623134 | 32061858 | 77 |
| | പട്ടിക ജാതി | 5600625 | 4532411 | 80.9 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ സി ആർ എന്നിവയിലെ നീക്കിയിരിപ്പ്/ ലാപ്സായ തുക തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | ACR | 15761531 |
| | Grant Statement | 17854067 |
| Development Fund ( SCP) | ACR | 15298617 |
| | Grant Statement | 15206596 |
| Maintanance Fund (Non Road) | ACR | 5294142 |
| | Grant Statement | 4375438 |

2.സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ. തീയതി.29.01.2018, ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം ഫണ്ടുകൾ പാഴാക്കാൻ പാടില്ല. 2020-21 വർഷം വിവിധ പദ്ധതികൾക്കായി വിവിധ നിർവഹണോദ്യോഗസ്ഥർ വകയിരുത്തിയ എസ്.സി.പി ഫണ്ടുകൾ തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 34/21 | ലൈഫ് ഭവന പദ്ധതി വായ്പ മുതൽ തിരിച്ചടവ് | 199916 (എസ്.സി.പി) | സെക്രട്ടറി |
| 50/21 | പണ്ടിവാരം കോളനി നടപ്പാത നിർമ്മാണം | 160000 (എസ്.സി.പി) | അസി.ഇഞ്ചിനീയർ |
| 58/21 | കുളത്തിങ്കര വാറുവിള റോഡ് സൈഡ് വാൾ നിർമ്മാണവും നടപ്പാത കോൺക്രീറ്റും | 240000 (എസ്.സി.പി) | അസി.ഇഞ്ചിനീയർ |
| 65/21 | പുത്തൻവിള കോളനി മെയിന്റനൻസ് | 85000 (എസ്.സി.പി) | അസി.ഇഞ്ചിനീയർ |
| 114/21 | വലിയേല കോളനി ഇട റോഡ് കോൺക്രീറ്റും ഓട സ്ലാബ് ഇടീലും | 380000 (എസ്.സി.പി) | അസി.ഇഞ്ചിനീയർ |
| 89/21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 500000 (എസ്.സി.പി) | അസി.സെക്രട്ടറി |

ജി.ഒ പ്രോജക്ടുകളുടെ ചെലവ് എസിആറിൽ ഉൾപ്പെടുത്താത്തു കൊണ്ടാണ് ക്രമനം (1) ലെ വ്യത്യാസം വന്നിട്ടുള്ളതെന്ന് ഓഡിറ്റ് അന്വേഷണം നം. 09/21.06.22 നുള്ള മറുപടി നൽകിയിരിക്കുന്നു. കൂടാതെ ക്രമ നം. 2 നുള്ള മറുപടിയായി തുടർവർഷങ്ങളിൽ പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

2019-20 വർഷം ചെലവഴിക്കാതെ അവശേഷിച്ച താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ തൻവർഷവും ചെലവഴിക്കാതെ അതു പോലെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നം. | 2019-20 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഹെഡ് കോഡ് | 2019-20 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക | 2020-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഹെഡ് കോഡ് | 2020-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 320100116 | 1240000 | 320100162 | 1240000 |
| 2 | 320200323 | 10750 | 320100199 | 10750 |
| 3 | 320400199 | 11450 | 32040019 | 11450 |
| 4 | 320700205 | 837720 | 320700205 | 837720 |
| 5 | 320700404 | 440142 | 320700404 | 440142 |

മേൽപ്പറഞ്ഞവ നാളിതുവരെ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/22.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

### 1) പ്രോജക്ട് നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (സുലേഖ ചെലവ് പത്രിക പ്രകാരം).

| ക്രമ | നിർവ്വഹണ | പ്രോജക്ടുകൾ | അടങ്കൽ |
|---|---|---|---|

| നമ്പർ | ഉദ്യോഗസ്ഥൻ | | | | | | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 12 | 12 | 0 | 100 | 6867640 | 6415068 | 93 |
| Ii | വെറ്ററിനറി സർജൻ | 9 | 9 | 0 | 100 | 5312388 | 2769337 | 52 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 4 | 4 | 0 | 100 | 3105000 | 3090954 | 99 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 0 | 100 | 300000 | 300000 | 100 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 5 | 0 | 100 | 1550000 | 1543135 | 99 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 | 16 | 12 | 4 | 75 | 26738271 | 10476000 | 39 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 10 | 10 | 0 | 100 | 10550001 | 8255000 | 78 |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 2 | 75 | 4682500 | 4302775 | 92 |
| Ix | സെക്രട്ടറി | 40 | 30 | 10 | 75 | 18577544 | 9911472 | 53 |
| X | എച്ച്.എം. | 12 | 9 | 3 | 75 | 5517800 | 3380738 | 61 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 81 | 64 | 17 | 79 | 46841285 | 35427414 | 76 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 4 | 4 | 0 | 100 | 3050000 | 2495324 | 82 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 13 | 6 | 7 | 46 | 2827720 | 693755 | 24 |
| ആകെ | | 215 | 172 | 43 | 80 | 135920149 | 89060972 | 65 |

1)ആകെ വകയിരുത്തിയതിന്റെ 65 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2)എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 അംഗീകാരം വാങ്ങിയ 16 പ്രോജക്ടുകളിൽ 12 എണ്ണം നടപ്പാക്കുകയും അകെ വകയിരുത്തിയ ഫണ്ടിന്റെ 39 ശതമാനം മാത്രം ചെലവഴിക്കുകയും ചെയ്തു.

ബി) അസിസ്റ്റന്റ് സെക്രട്ടറി 2827720 രൂപ അടങ്കൽ വകയിരുത്തിയതിൽ 693755 രൂപ മാത്രമാണ് ചെലവഴിച്ചത് (24%).

3) സുലേഖ ചെലവ് പത്രിക, വിവിധ ഫണ്ടുകളുടെ എ.സി.ആറുകൾ എന്നിവ ഒത്തുനോക്കി പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഒന്നും തന്നെ 2020-21 വർഷത്തെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ വിവരം മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ഫണ്ട് വിവരം | എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് തുക |
|---|---|---|---|
| 1 | 161/21-ആട് വളർത്തൽ പട്ടികജാതി വനിത | വികസന ഫണ്ട് എസ്.സി.പി | 24000 |
| 2 | 166/21-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | വികസന ഫണ്ട് എസ്.സി.പി | 454060 |
| 3 | 170/21-മൃഗാശുപത്രി, സബ് സെന്ററുകൾ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം | 44576 |
| 4 | 174/21-ആട്ടവളർത്തൽ (വനിത) | വികസന ഫണ്ട് ജനറൽ | 16000 |
| 5 | 175/21-ആട് വളർത്തൽ എസ്.സി വനിത | വികസന ഫണ്ട് എസ്.സി.പി | 24000 |
| 6 | 176/21-കേദാരം - സമഗ്ര നെൽകൃഷി വികസനം രണ്ടാം വിള | വികസന ഫണ്ട് ജനറൽ-551896<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-425000<br>ജില്ലാ പഞ്ചായത്ത് വിഹിതം-425000 | 1401896 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/28.06.22 ന് മറുപടി ലഭ്യമാക്കിയില്ല.

2. പദ്ധതി ആസൂത്രണം

എ) സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 01.01.20ൽ യോഗം ചേർന്നതായി 13 പേരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചർച്ച ചെയ്ത വിഷയങ്ങളും തീരുമാനങ്ങളും ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ആസൂത്രണ സമിതി മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബി) സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 17.02.20 ന് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.
ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/28.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-5 ക്ഷേമ പദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 83760 | 118 |
| കർഷക തൊഴിലാളി പെൻഷൻ | 3628600 | 278 |
| വിധവ പെൻഷൻ | 26050200 | 1927 |
| വാർദ്ധക്യകാല പെൻഷൻ | 49384300 | 3916 |
| വികലാംഗ പെൻഷൻ | 6824700 | 479 |
| വിവാഹ ധനസഹായം | 6000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 439200 | 38 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

1. മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ | പേര് | പെൻഷൻ | പെൻഷൻ | മരണപ്പെട്ട | നിലവിലെ | അനർഹമായി | അധികം |
|---|---|---|---|---|---|---|---|

| നം. | | ഐഡി | തരം | തീയതി | സ്റ്റാറ്റസ് | പെൻഷൻ വിതരണം ചെയ്ത കാലയളവ്. | നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സദാശിവൻ ആർ | 102440100060 | സാമൂഹ്യ സുരക്ഷ പെൻഷൻ | 4.01.2020 | ആക്റ്റീവ് | Feb 2020-may 2022 | 41600/- |
| 2 | ദാമോദരൻ | 102440100174 | സാമൂഹ്യ സുരക്ഷ പെൻഷൻ | 13.1.2020 | ആക്റ്റീവ് | Feb2020- Apr 2020 | 3600/- |
| 3 | കാർത്ത്യായനി | 102440600170 | സാമൂഹ്യ സുരക്ഷ പെൻഷൻ | 25.1.2020 | ആക്റ്റീവ് | Feb2020- May 2022 | 16800/- |
| 4 | ബഷീർ.എം.എ | 102440201979 | സാമൂഹ്യ സുരക്ഷ പെൻഷൻ | 28.1.2020 | ആക്റ്റീവ് | Feb2020 - May 2022 | 41300/- |
| 5 | മുഹമ്മദ്അബ്ദുൾ ഖാദർ | 102440100519 | സാമൂഹ്യ സുരക്ഷ പെൻഷൻ | 24.2.2020 | ആക്റ്റീവ് | Mar2020- May 2022 | 16200/- |
| 6 | വസന്ത.ഒ | 102420201059 | സാമൂഹ്യ സുരക്ഷ പെൻഷൻ | 20.11.2017 | ആക്റ്റീവ് | Dec 2017 - July2019 | 22400/- |
| 7 | ഷെരീഫാബീവി | 102440200514 | സാമൂഹ്യ സുരക്ഷ പെൻഷൻ | 5.3.2020 | ആക്റ്റീവ് | Apr2020- Oct 2020 | 10500/- |
| 8 | സോമരാജൻ.എസ് | 102440200891 | സാമൂഹ്യ സുരക്ഷ പെൻഷൻ | 15.2.2020 | ആക്റ്റീവ് | Mar2020- May 2022 | 41900/- |
| 9 | ചന്ദ്രിക.എസ് | 102440203080 | സാമൂഹ്യ സുരക്ഷ പെൻഷൻ | 4.3.2020 | ആക്റ്റീവ് | Apr2020 -May 2022 | 38920/- |
| 10 | തുളസി.കെ | 102440202796 | സാമൂഹ്യ സുരക്ഷ പെൻഷൻ | 9.3.2020 | ആക്റ്റീവ് | Apr2020 -May 2022 | 38920/- |
| 11 | കുമാര് .പി | 102440204056 | സാമൂഹ്യ സുരക്ഷ പെൻഷൻ | 4.4.2020 | ആക്റ്റീവ് | May 2020- May2021 | 37700/- |
| 12 | തങ്കപ്പൻ.കെ | 102440203320 | സാമൂഹ്യ സുരക്ഷ പെൻഷൻ | 19.3.2020 | ആക്റ്റീവ് | Apr 2020 | 1500/- |

കിഴവിലം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

2.ഡേറ്റാ ബെയ്സിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കൗസല്യ | 102440200285 | സാമൂഹ്യ സുരക്ഷ പെൻഷൻ | 2.1.2020 | ആക്ടീവ് |
| 2 | രത്നാകരൻ.ജി | 102440201968 | സാമൂഹ്യ സുരക്ഷ പെൻഷൻ | 6.01.2020 | ആക്ടീവ് |
| 3 | മണിയമ്മാൾ | 102440202425 | സാമൂഹ്യ സുരക്ഷ പെൻഷൻ | 20.12.19 | ആക്ടീവ് |
| 4 | റാഫിയബീവി | 102440400035 | സാമൂഹ്യ സുരക്ഷ പെൻഷൻ | 08.01.2020 | ആക്ടീവ് |
| 5 | സോമൻപിള്ള | 102440200592 | സാമൂഹ്യ സുരക്ഷ പെൻഷൻ | 12.01.2020 | ആക്ടീവ് |
| 6 | വിജയമ്മ | 102440202561 | സാമൂഹ്യ സുരക്ഷ പെൻഷൻ | 22.1.2020 | ആക്ടീവ് |
| 7 | ഗംഗാരധൻ പിള്ള | 102440100156 | സാമൂഹ്യ സുരക്ഷ പെൻഷൻ | 28.1.2020 | ആക്ടീവ് |
| 8 | ഖദീജാബീവി.എസ് | 102440202235 | സാമൂഹ്യ സുരക്ഷ പെൻഷൻ | 3.2.2020 | ആക്ടീവ് |
| 9 | സരസ്വതി | 102440200443 | സാമൂഹ്യ സുരക്ഷ പെൻഷൻ | 5.2.2020 | ആക്ടീവ് |
| 10 | ഭാസ്കരൻ | 102440100166 | സാമൂഹ്യ സുരക്ഷ പെൻഷൻ | 18.2.2020 | ആക്ടീവ് |
| 11 | ആനന്ദൻ | 102440201381 | സാമൂഹ്യ സുരക്ഷ പെൻഷൻ | 7.2.2020 | ആക്ടീവ് |
| 12 | ശശിധരൻ.ആർ | 102440202542 | സാമൂഹ്യ സുരക്ഷ പെൻഷൻ | 14.2.2020 | ആക്ടീവ് |
| 13 | സുദേവൻ.കെ | 102440201915 | സാമൂഹ്യ സുരക്ഷ പെൻഷൻ | 18.3.2020 | ആക്ടീവ് |
| 14 | വസന്ത | 102440600195 | സാമൂഹ്യ സുരക്ഷ പെൻഷൻ | 6.1.2020 | ആക്ടീവ് |
| 15 | ശ്രീമതി | 102440200197 | സാമൂഹ്യ സുരക്ഷ പെൻഷൻ | 27.3.2020 | ആക്ടീവ് |
| 16 | സുധർമ്മ | 102440201181 | സാമൂഹ്യ സുരക്ഷ പെൻഷൻ | 29.3.2020 | ആക്ടീവ് |
| 17 | ഫാത്തിമാബീവി | 102440201281 | സാമൂഹ്യ സുരക്ഷ പെൻഷൻ | 9.10.2018 | ആക്ടീവ് |
| 18 | കല്യാണി | 102440100338 | സാമൂഹ്യ സുരക്ഷ പെൻഷൻ | 26.3.2020 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. മേൽ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23, 24.6.2022) മരണ രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7072 | 1470743 | 1477815 | 1378378 | 99347 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56545919 | 56545919 | 56545919 | 0 |
| ആകെ | 7072 | 58016662 | 58023734 | 57924297 | 99437 |

1-6-1 . കരാറുകാരിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന അങ്കണവാടികളുടെ ടോയ്ലറ്റ് നിർമ്മാണ പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| ടോയ്ലറ്റ് നിർമ്മാണം വാർഡ് -15 | 163/20-21 | M/S ഹവായി ഗ്രൂപ്പ് | 102813 |
| ടോയ്ലറ്റ് നിർമ്മാണം വാർഡ് -11 | 159/20-21 | M/S ഹവായി ഗ്രൂപ്പ് | 98254 |
| ടോയ്ലറ്റ് നിർമ്മാണം വാർഡ് -10 | 141/20-21 | M/S ഹവായി ഗ്രൂപ്പ് | 47299 |
| ടോയ്ലറ്റ് നിർമ്മാണം വാർഡ് -19 | 161/20-21 | M/S ഹവായി ഗ്രൂപ്പ് | 103246 |
| ടോയ്ലറ്റ് നിർമ്മാണം വാർഡ് -3 | 169/20-21 | M/S ഹവായി ഗ്രൂപ്പ് | 50894 |
| ടോയ്ലറ്റ് നിർമ്മാണം വാർഡ് -3 | 150/20-21 | M/S ഹവായി ഗ്രൂപ്പ് | 61350 |
| ടോയ്ലറ്റ് നിർമ്മാണം വാർഡ് -1 | 73/20- 21 | M/S ഹവായി ഗ്രൂപ്പ് | 47318 |
| ആകെ തുക | | | 511084 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.46 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. . തുടർനടപടികൾ സ്വീകരിച്ച് വിവരം

റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

2020- 2021 സാമ്പത്തികവർഷത്തെ MGNREGA – യുടെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/27.6.2022-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-337<br>അംഗങ്ങൾ- 516 |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-2061<br>തൊഴിലാളികൾ-2304 |
| 2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-2169<br>തൊഴിലാളികൾ-2493 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | - |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | - |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | - |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | - |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 2403 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 351 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 351 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 351 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 20 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 20 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 20 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1152 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 272 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 180 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 76 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 156479 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | നിലവിൽ ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 46456529 |

| | |
|---|---|
| മെറ്റീരിയൽകംപോണന്റ് | 101098600 |
| ആകെ വരവ് | 56565129 |
| ആകെ ചെലവ് | 56565129 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 939 |
| 80-99 | 270 |
| 70-79 | 112 |
| 60-69 | 142 |
| 50-59 | 136 |
| 50 ൽ താഴെ | 462 |

തൊഴിൽ ദിനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി അനുമതി ലഭിച്ച പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾ/മാർഗരേഖ പ്രകാരം പൂർത്തിയാക്കി ജനോപകാരപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-06-2022 തീയതിയിൽ 2.35 പി.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 157066/-(ഒരു ലക്ഷത്തി അമ്പത്തി ഏഴായിരത്തി അറുപത്തി ആറ്) രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

2)സ്റ്റാഫ് മീറ്റിംഗുകൾ കൂടുന്നുണ്ടെങ്കിലും റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

എച്ച്) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന്

പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ലഭ്യമാക്കിയ പരാതി രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല. നമ്പരും പേരും മാത്രമാണ് മിക്കതിലും രേഖപ്പെടുത്തിയിട്ടുള്ളത്.

5) തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2019 – 20 സാമ്പത്തികവർഷത്തിലെ പദ്ധതി പ്രകാരം ഇളക്കിമാറ്റിയ തെരുവുവിളക്കുകൾ ലേലം ചെയ്യാൻ തീരുമാനമുണ്ടായിരുന്നെങ്കിലും ആയതിനുള്ള എസ്റ്റിമേറ്റ് ലഭിക്കാത്തതിനാൽ നാളിതുവരെ ലേലം നടന്നിട്ടില്ല. ഇപ്രകാരമുള്ള കാലതാമസങ്ങൾ ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2021 | 09/20 മുതൽ 12/20 വരെ | 20.01.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.16 മുതൽ 09.01.2017 വരെ | 2011-12 മുതൽ 2015-16 വരെ | 27.09.18 |

## 1-10 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷക്കുറിപ്പിന് (നം.7, 21.06.2022) ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുന്നതിനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് . മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല

പഞ്ചായത്തിന്റെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 441 വ്യാപാര സ്ഥാപനങ്ങളാണ് ഉള്ളത്. ആയതിൽ 2020-21 സാമ്പത്തിക വർഷം 271 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ലൈസൻസ് പുതുക്കുവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/21.6.2022 ന് കോവിഡ് സാഹചര്യം കാരണം പല സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നില്ലാ എന്നും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ലൈസൻസ് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ്

ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 വസ്തു നികുതി ഇളവ്- വിമുക്തഭടൻമാർ -സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് നൽകിയ രജിസ്റ്റർ/അപേക്ഷകൾ പ്രകാരം 2020-21 -ൽ 23പേർ മാത്രമേ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം നൽകിയിട്ടുള്ളൂ. കിഴവിലം പഞ്ചായത്തിലെ ഓരോ വാർഡിലും മേൽ ഇളവ് നൽകിയിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് | എണ്ണം |
|---|---|
| 1 | 5 |
| 2 | 5 |
| 3 | 2 |
| 4 | 4 |
| 5 | 14 |
| 6 | 6 |
| 7 | 4 |
| 8 | 2 |
| 9 | 4 |
| 10 | 4 |
| 11 | 9 |
| 12 | 3 |
| 13 | 5 |
| 14 | 3 |
| 15 | 4 |
| 16 | 5 |
| 17 | 9 |
| 18 | 11 |
| 19 | 6 |
| 20 | 6 |
| ആകെ | 111 |

നികുതി ഇളവിനുള്ള സാക്ഷ്യപത്രം ഹാജരാക്കാത്തവർക്കും തൻവർഷം ഇളവ് നൽകിയതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 37, 27.6.2022) മറുപടി നൽകിയില്ല. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതും, നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഓരോ വർഷവും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-13 തെരുവുവിളക്ക് സ്ഥാപിക്കൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് : 229/21 തെരുവുവിളക്ക് അറ്റകുറ്റപണികൾ (എ.എം.സി)

നിർവ്വഹണോദ്യോഗസ്ഥ : സെക്രട്ടറി

അടങ്കൽ : 360800/-രൂ (തനത് ഫണ്ട് - 59400/-, CFC ഗ്രാന്റ് -301400/-)

ചെലവ് : 318485/- രൂ

ബിൽ നം : 217/10.11.20 (259085/-)

ചെക്ക് നം : 5531111/11.11.20 (59400/-)

2019-20ൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായി കരാർ വെച്ച് ആരംഭിച്ചതാണ് പ്രസ്തുത പ്രോജക്ട്. Quality Service Systems എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏല്പിച്ചിരുന്നത്. പരാതി പുസ്തകം പരിശോധിച്ച് ടെണ്ടർ അംഗീകരിച്ച നിരക്കിൽ കേടായ തെരുവുവിളക്കുകൾ സ്ഥാപനം റിപ്പയർ ചെയ്ത് പുന:സ്ഥാപിക്കുന്നതിനാണ് കരാർ വെച്ചിട്ടുള്ളത്. നിലവിൽ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള വിളക്കുകൾക്ക് ഒരു വർഷത്തെ വാറണ്ടിയും കരാറിൽ വ്യവസ്ഥ ചെയ്യുന്നു. CFL ലാമ്പുകളുടെയും സ്പെയർപാർട്ടുകളുടെയും അപര്യാപ്തത കാരണം പണി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് സ്ഥാപനം പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് പദ്ധതിയിൽ അധികരിക്കാത്ത തരത്തിൽ CFLലാമ്പുകൾ മാറ്റി LED വിളക്കുകൾ സ്ഥാപിക്കാൻ പ്രസ്തുത സ്ഥാപനത്തെ തന്നെ ഏല്പിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇതിനായി ടെണ്ടർ ക്ഷണിക്കുകയോ പുതുതായി കരാർ വെയ്ക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) കാലപ്പഴക്കം മൂലം പുനരുദ്ധാരണം നടത്താൻ കഴിയാതിരുന്ന ലൈറ്റുകൾ പൂർണ്ണരൂപത്തിൽ മാറ്റി സ്ഥാപിക്കേണ്ടി വന്നതിനാലാണ് പുനരുദ്ധാരണപ്രക്രിയയുമായി ബന്ധപ്പെട്ട് പുതിയ ടെണ്ടർ ക്ഷണിക്കാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതിയിൽ വിഭാവനം ചെയ്യാതിരുന്ന പ്രവൃത്തിയായതിനാലും കരാറിൽ ആയതു സംബന്ധിച്ച വ്യവസ്ഥകൾ ഒന്നും ചേർക്കാതിരുന്നതിനാലും മുൻവർഷത്തെ സ്ഥാപനത്തെ തന്നെ പ്രവർത്തി എല്പിച്ച നടപടി അംഗീകരിക്കാവുന്നതല്ല. തൻവർഷം പുതിയ വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

തുടർവർഷങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-14 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

വിവിധ വാങ്ങലുകൾ ടെണ്ടർ വിളിച്ചോ നേരിട്ടോ നടത്തുന്നതിന് തീരുമാനിച്ച വിവരം മാത്രമാണ് രജിസ്റ്ററിലുള്ളത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. തൻവർഷം തെരുവുവിളക്ക് ഉപകരണങ്ങൾ ക്രൂസിൽ നിന്ന് വാങ്ങാൻ മാത്രമാണ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത് എന്നാണ് ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു

### 1-15 പത്രപ്പരസ്യം-അനവദനീയമായതിലും അധികനിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 4/21 |
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണം നിർവഹണം മോണിറ്ററിംഗ് |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 300000/- രൂ |

| | |
|---|---|
| | (തനതു ഫണ്ട്) |
| ചെലവ് | 188395/- രൂ |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഒ (പി) നം.1/2019/I&PRD തീയതി 07.01.2019, ജി.ഒ(പി) നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പരസ്യങ്ങൾ പി.ആന്റ് എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മേൽ പ്രോജക്ട് പ്രകാരം കേരള കൗമുദി ദിനപത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളും ഡിസ്കൗണ്ടും കണക്കാക്കിയിട്ടില്ല. ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | അളവ് **($Cm^2$)** | ബിൽ തുക **(Inc 5%GST)** |
|---|---|---|---|
| 1 | BLTVM00353672/09.09.20 | 24 | 7661 |
| 2 | BLTVM00354009/24.06.2020 | 32 | 10214 |
| 3 | BLTVM00353908/02.07.2020 | 24 | 7661 |
| 4 | BLTVM00353924/03.07.2020 | 48 | 15322 |
| 5 | BLTVM00356804/26.09.2020 | 32 | 10214 |
| 6 | BLTVM00356446/17.09.2020 | 40 | 12768 |
| 7 | BLTVM00355302/18.08.2020 | 32 | 10214 |
| 8 | BLTVM00355924/04.09.2020 | 24 | 7661 |
| 9 | BLTVM00358644/03.11.2020 | 24 | 7661 |
| 10 | BLTVM00358321/29.10.2020 | 15.2 | 4852 |
| | ആകെ | | 94228 |

കേരളകൗമുദിയിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിലെ സ്ക്വയർ സെന്റീമീറ്ററിന് 304 രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ഉത്തരവ് പ്രകാരം കേരളകൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 124/- രൂപയാണ്. കൂടാതെ ജി.ഒ(പി) നം.2/2020/I&PRD തീ.10.12.2020 ഉത്തരവ് പ്രകാരം 01.04.2019 മുതൽ കേരളകൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 158/- രൂപയായി പുനർ നിർണയിച്ചിട്ടുണ്ട് . കൂടാതെ 15 % ഡിസ്കൗണ്ടും ഉൾപ്പെടുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12/22.06.2022 ന് ലഭിച്ച മറുപടിയിൽ അടിയന്തിര സാഹചര്യത്തിൽ പബ്ളിക് റിലേഷൻസ് മുഖേനയല്ലാതെ പരസ്യം നൽകിയതിനാലാണ് ഡിസ്കൗണ്ട് ലഭ്യമാകാത്തത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് കണക്കാക്കി തുക നൽകാൻ ഭാവിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 രേഖകൾ ഹാജരാക്കിയില്ല – 454060/-രൂ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം. 166) എന്ന SCP ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തിയ പദ്ധതിയുടെ ചെലവ് സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആകയാൽ പ്രസ്തുത പദ്ധതിയുടെ ചെലവായ 454060/-രൂ (ബിൽ നം.5/11.04.20) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ ചെലവുരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ഫയലുകൾ ഹാജരാക്കിയില്ല – 108576/-രൂ തടസ്സപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 20-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ

ചുവടെപ്പറയുന്ന സ്പിൽ ഓവർ പദ്ധതികളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പദ്ധതി | ഫണ്ട് | ചെലവു തുക |
|---|---|---|---|---|
| 1 | 161 | ആട്ടുവളർത്തൽ - പട്ടികജാതി വനിത | SCPഫണ്ട് | 24000 |
| 2 | 170 | മൃഗാശുപത്രി, സബ്സെന്ററുകൾ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ | മെയിന്റനൻസ് ഫണ്ട് (NR) | 44576 |
| 3 | 175 | ആട്ടുവളർത്തൽ - പട്ടികജാതി വനിത | SCPഫണ്ട് | 24000 |
| 4 | 174 | ആട്ടുവളർത്തൽ (വനിത) | ഡവലപ്മെന്റ് ഫണ്ട് - ജനറൽ | 16000 |
| ആകെ | | | | 108576 |

ആകയാൽ പ്രസ്തുതതുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 ഗ്രാമകേന്ദ്രങ്ങൾ - പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ(എം.എസ്) നം 112/2014/തസ്വഭവ തീയതി 25.06.2014 പ്രകാരം ഗ്രാമകേന്ദ്രങ്ങൾ രൂപീകരിച്ചത് ഗ്രാമസഭാ ഓഫീസുകളായി പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സേവനങ്ങൾ ലഭ്യമാകുന്ന ഒരു എക്സ്റ്റൻഷൻ കേന്ദ്രമായും അയൽസഭകളുടെ ഏകോപനകേന്ദ്രമായും ഗ്രാമകേന്ദ്രം പ്രവർത്തിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. വാർഡ് തലത്തിൽ ജനങ്ങൾക്ക് സേവനം നൽകുന്ന ഘടകസ്ഥാപനങ്ങളുടെയും പ്രവർത്തനകേന്ദ്രമായിരിക്കണം ഗ്രാമകേന്ദ്രം.

കിഴവിലം ഗ്രാമപഞ്ചായത്തിൽ 2021 വർഷത്തിൽ 6ഗ്രാമകേന്ദ്രങ്ങൾ ഉണ്ടായിരുന്നതായി ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം. 15) മറുപടിയായി അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ വാടക, കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ തനതുഫണ്ടുപയോഗിച്ച് നൽകിവരുന്നുണ്ട്. എന്നാൽ 2018 മുതൽക്കുള്ള ഓഫീസ് ഓർഡർ രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെ ഒരു ഉദ്യോഗസ്ഥനും ഒരു ഗ്രാമകേന്ദ്രത്തിന്റെയും ചുമതല നൽകിക്കാണുന്നില്ല. ഗ്രാമകേന്ദ്രങ്ങളിൽ നിന്നും അപേക്ഷകളൊന്നും പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതിനും രേഖയില്ല. വാർഡ് വികസനസമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തനക്ഷമമല്ല എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

പൊതുപണം വളരെയധികം ചെലവഴിച്ചിട്ടും ജനങ്ങൾക്ക് ഒരുതരത്തിലും പ്രയോജനകരമാകാതെ നിലകൊള്ളുന്ന ഗ്രാമകേന്ദ്രങ്ങളിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. ഇവ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 118/21 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് മിഷൻ പദ്ധതി (New) Sc |
| അടങ്കൽ | 5200000 |
| ചെലവ് | 1500000 |
| ബിൽ നം / തുക | ബിൽ നം 89/5-8-20-440000(scp)<br>ബിൽ നം 8/18-9-20-40000<br>ബിൽനം12/16-11-20-120000<br>ബിൽ നം 354/2.2.21 – 40000<br>ബിൽ നം 371/8.2.20 – 40000<br>Vr നം 22000113/11-11-20-120000<br>Vr No-22000358/8-2-21-220000<br>Vr No-22000359n/8-2-21 -360000<br>Vr No-22000418/26-3-21-120000 |
| ഫണ്ടിനം | വികസന ഫണ്ട് (എസ് സി പി) , ഹഡ്കോ ലോൺ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |

ലൈഫ് പദ്ധതി പ്രകാരം 20-21 വർഷം കരാർ വച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല . കരാർ പ്രകാരം ആറു മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ ടിയാളുകൾ 2021-22 ലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല .

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക 20-21 വർഷം | കൈപ്പറ്റിയ തുക 21-22 വർഷം | ആകെ തുക |
|---|---|---|---|
| ഉഷ വി , ഒലിപ്പിൽ വീട് | 40000 | -- | 40000 |
| ലീന , പണ്ടാരതോപ്പിൽ വീട് | 40000+120000 | 100000 | 260000 |
| ഷിബി . വയൽതിട്ട വീട് | 40000+120000 | 100000 | 260000 |
| ജയന്തി എ , കാട്ടുവിള വീട് | 40000+ 40000+120000 | 100000 | 300000 |
| സുനിത കുമാരി , ചരുവിള പുത്തൻ വീട് | 40000 | -- | 40000 |
| അനിത , ആറ്റു വരമ്പിൽ വീട് | 40000 | 160000 | 200000 |
| അജിത കുമാരി , ആറ്റു വരമ്പിൽ വീട് | 40000 | 160000 | 200000 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 30/25-6-22) മറുപടിയായി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലാണെന്ന് അറിയിച്ചിട്ടുണ്ട് . മേൽ പറഞ്ഞ എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ആണ് .

## 1-20 ഹരിത കർമ്മ സേനക്ക് പ്രതിഫലം- സർക്കാർ ഉത്തരവ് പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 148/21 |
| പ്രോജക്റ്റിന്റെ പേര് | ഹരിത കർമ്മസേന -തുടർ പ്രവർത്തനങ്ങൾ |
| അടങ്കൽ | 232000/-രൂ |
| ചെലവ് | 232000/-രൂ |
| ബിൽ നം / തുക | എ സി ആർ ബിൽ നം 102/10-8-20 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( അൺ ടൈഡ്) |

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള സ ഉ ( കൈ) നം. 103/20 ത സ്വ ഭ വ തിയ്യതി 30-6-20 ഖണ്ഡിക 5 .2 പ്രകാരം Cfc അടിസ്ഥാന വിഹിതം ശമ്പളം, എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്ക് ഉപയോഗിക്കാൻ അനുമതി ഇല്ലാത്തതാണ് എന്നിരിക്കെ പദ്ധതി പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിഫലം നൽകുന്നതിന് 222024 (ഗ്യാപ് ഫണ്ട്) രൂപ സി എഫ് സി ഫണ്ടിൽ നിന്നും ഉപയോഗിച്ചതായി കണ്ടു . ഇപ്രകാരം ചെലവു നടത്തിയതിന് ആധാരമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി പ്രോജക്റ്റ് രൂപീകരണ സമയത്ത് മേൽ ഉത്തരവ് പ്രാബല്യത്തിലില്ലാത്തതിനാലും ഹരിത കർമ്മ സേനയുടെ പ്രവർത്തനം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്നതിനുമായാണ് ഇത്തരത്തിൽ തുക ചെലവഴിക്കാനിടയായത് എന്നാണ് അറിയിച്ചിട്ടുള്ളത് . പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസരിച്ചാണെന്നുള്ളത് ഉറപ്പ് വരുത്തേണ്ടതാണ് .

## 1-21 ലൈഫ് (ജനറൽ) ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല -

| | |
|---|---|
| പ്രോജക്റ്റ് നം | 201/21 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് മിഷൻ പദ്ധതി(sഠ ) ജനറൽ |
| അടങ്കൽ | 3746922 |
| ചെലവ് | 3210000( സംസ്ഥാനാവിഷ്കൃതം , ബ്ളോക്ക് വിഹിതം) |
| ബിൽ നം / തുക | Vr No 22000273/27-7-20-1460000<br>Vr No-22000413/9-9-20-400000<br>Vr No-22000449/23-9-20 -100000<br>Vr No-220005/15-10-2-20 ,100000<br>Vr No 22000105/10-11-20-610000<br>Vr No 22000355/8.2.21 – 390000<br>Vr No 22000420/4.3.21 – 50000<br>Vr No 22000460/19.3.21 – 100000 |
| ഫണ്ടിനം | സംസ്ഥാനാവിഷ്കൃത ഫണ്ട് , ബ്ളോക്ക് ഷെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |

മേൽ പദ്ധതി പ്രകാരം 2019-20 വർഷം കരാർ വച്ചവരായ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല .

കരാർ പ്രകാരം ആറു മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ ടിയാർ 2021-22 ലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല .

| ഗുണഭോക്താവിന്റെ പേര് | 2018-19 ൽ കൈപ്പറ്റിയ തുക | കൈപ്പറ്റിയ തുക 19-20 വർഷം | കൈപ്പറ്റിയ തുക 21-22 വർഷം | ആകെ തുക |
|---|---|---|---|---|
| വെറോണിക്ക വാറുവിള വീട് , പറയത്ത് | 40000 | 160000-- | -- | 200000 |
| രാഗിണി , ഒരു പറതിട്ട വീട് | 40000 | 160000 | -- | 200000 |
| വിജയമ്മ , പത്തുവിള വീട് | 40000 | -- | -- | 40000 |

ബി. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 30/25-6-22) ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി . വെറോണിക്ക , വാറുവിള വീട് , വിജയമ്മ പാത്തുവിള വീട് എന്നിവർ കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ 27-8-20 ലെ 11/3 പ്രകാരം തീരുമാനിച്ചിട്ടുള്ളതായും രാഗിണി ഒരു പറ വീട് എന്നവർ കോവിഡ് കാലഘട്ടത്തിൽ വീട് മാറിപ്പോകുകയും 16-2-22 , 11-3-22 , 7-4-22 തിയ്യതികളിൽ വീട് പണി പൂർത്തീകരിക്കാൻ നോട്ടീസ് നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട് . തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

സി. സംസ്ഥാനാവിഷ്കൃത ഫണ്ട് വരവ് വെച്ചിരിക്കുന്നത് ഐ ഒ ബി ശാർക്കര ശാഖയിലാണ് . തൻ വർഷം ഈ ഫണ്ടിൽ നിന്നും മേൽ പദ്ധതിക്കായി 2600000 രൂപ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ ചെക്ക് നം 6116533/27-7-20 പ്രകാരം 1460000 രൂപ , ചെക്ക് നം 6116519/9-9-20 പ്രകാരം 400000 എന്നിങ്ങനെ ചെലവഴിച്ചിരിക്കുന്നത് പഞ്ചായത്തിന്റെ ട്രഷറി തനതു ഫണ്ട് അക്കൌണ്ടായ 799013000000624 ലിൽ നിന്നുമാണ് . ട്രഷറി തനതു ഫണ്ടിൽ നിന്നും ഇപ്രകാരം ചെലവഴിച്ച തുക തിരികെ ലോൺ തുക സൂക്ഷിച്ചിരിക്കുന്ന തനതു ഫണ്ടിലേക്കു തന്നെ റീ ക്ലപ്പ് ചെയ്തിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നതിൽ റീക്ലപ്പ് ചെയ്യുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട് . തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 പട്ടിക ജാതി ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകൽ - രേഖകൾ ലഭ്യമല്ല - ചെലവു തുക 900000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 124/21 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് മിഷൻ ഭൂമി വാങ്ങൽ പദ്ധതി (New) Sc |
| അടങ്കൽ | 1800000 |
| ചെലവ് | 900000 |
| ബിൽ നം / തുക | ബിൽ നം 18/18-2-21 -225000(scp)<br>ബിൽ നം 20/4-3-21-450000<br>ബിൽനം21/18-3-21-225000 |
| ഫണ്ടിനം | വികസന ഫണ്ട് (എസ് സി പി) |

പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിനായി ഒരാൾക്ക് 225000 രൂപ വീതം ആകെ 900000 രൂപ അനുവദിച്ചിട്ടുണ്ട് . ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു .

എ . രാജേഷ് , അടിക്കലത്ത് വീട് , എന്നവർ സരസ്വതി രാമകൃഷ്ണൻ കുഴിയിൽ വീട് എന്നവരുടെ കയ്യിൽ നിന്നും സ്ഥലം വാങ്ങിയിട്ടുണ്ട് . എന്നാൽ ടി സ്ഥലം ശ്രീ . രാജേഷ് എന്നവരുടെ പേരിലാക്കി പോക്കു വരവ് ചെയ്തതിന്റെ രേഖകൾ ( പൊസഷൻ സർട്ടിഫിക്കറ്റ് , കരം അടച്ച രസീത് എന്നിവ) ഫയലിൽ ലഭ്യമല്ല . മേൽ പറഞ്ഞ രേഖകളും ടിയാന് തുടർ വർഷത്തിൽ ലൈഫ്

ഭവന പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധന സഹായം അനുവദിച്ചിട്ടുണ്ടോ എന്നുള്ളതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല .

ബി . രാധു W/O രാജു , നെയ്യാൻ കുഴി വീട് എന്നവർ തുളസി , തളിയിൽ വീട് എന്നവരിൽ നിന്നും സ്ഥലം വാങ്ങിയതിന് 225000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട് . ഫയൽ പരിശോധിച്ചതിൽ സുമതി വാറിൽ വീട് ചിറയിൻ കീഴ് എന്ന വ്യക്തിയുടെ( ടിയാരി മരണപ്പെട്ടതിനാൽ) മക്കളായ തുളസി മുതൽ പേർ ഭൂമി വിൽക്കാൻ എതിർപ്പില്ല എന്ന് രേഖപ്പെടുത്തിയ സമ്മത പത്രം മാത്രമാണ് ഫയലിലുള്ളത് . ടി സ്ഥലം വസ്തു നൽകിയ തുളസി മുതൽ പേരുടെ പേരിലുള്ളതാണെന്നതിന്റെ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല . സ്ഥലം രാധുവിന്റെ പേരിലാക്കിയ ആധാരത്തിന്റെ പകർപ്പ് , പോക്കു വരവ് ചെയ്തതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല . മേൽ പറഞ്ഞ രേഖകളും ടിയാന് തുടർ വർഷത്തിൽ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധന സഹായം അനുവദിച്ചിട്ടുണ്ടോ എന്നുള്ളതിന്റെയും വിവരം ലഭ്യമാക്കിയില്ല .

സി . ശശി അഞ്ജു ഭവൻ , മാമം എന്നവർക്ക് ശ്രീജിത്ത് വിളയിൽ വീട്, പറയത്ത് കോണം എന്നവരുടെ പക്കൽ നിന്നും ഭൂമി വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ട് . എന്നാൽ ശ്രീജിത്തിൽ നിന്നും ഭൂമി വാങ്ങിയതിന്റെ രേഖ (ആധാരത്തിന്റെ പകർപ്പ്)ഫയലിൽ ലഭ്യമല്ല . സ്ഥലം ടിയാന്റെ പേരിലാക്കിയതിന്റെ രേഖകൾ ഒന്നും തന്നെയില്ല . "ശശി എന്നവരുടെ ഭാര്യയായ യമുനയുടെ ഭർത്താവിന്റെ പിതാവിന്റെ പേർക്ക് 10 സെന്റ് സ്ഥലം ഉള്ളതായി" രേഖപ്പെടുത്തിയ വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഫയലിലുണ്ട്. എത്ര അവകാശികളാണ് ടി ഭൂമിക്കുള്ളതെന്ന് വ്യക്തമല്ല . പാരമ്പര്യ സ്വത്ത് ലഭിക്കുന്നതിന് അർഹതയുള്ള വ്യക്തിക്ക് പദ്ധതിയിലുൾപ്പെടുത്തി ധന സഹായം അനുവദിച്ചതിൽ വ്യക്തതയില്ല . ശശിയുടെ റേഷൻ കാർഡിന്റെ പകർപ്പ് ലഭ്യമല്ല . ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഇല്ല . മേൽ പറഞ്ഞ രേഖകളും ടിയാന് തുടർ വർഷത്തിൽ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധന സഹായം അനുവദിച്ചിട്ടുണ്ടോ എന്നുള്ളതിന്റെയും വിവരം ലഭ്യമല്ല .

ഡി . ശ്രീമതി റീന , റീന ഭവൻ എന്നവർക്ക് ശശി ,അഞ്ജു ഭവൻ, കൊല്ലം കാവുവിള എന്നവരിൽ നിന്നും ഭൂമി വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ട് . എന്നാൽ  ഭൂമി വാങ്ങിയതിന്റെ ആധാരം പകർപ്പ് ഫയലിൽ ലഭ്യമല്ല . സ്ഥലം ശ്രീമതി റീനയുടെ പേരിലാക്കിയതിന്റെ രേഖകൾ ഒന്നും തന്നെയില്ല . ശ്രീ ശശി എന്നവരുടെ അക്കൌണ്ട് വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല .ടിയാരിക്ക് തുടർ വർഷത്തിൽ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധന സഹായം അനുവദിച്ചിട്ടുണ്ടോ എന്നുള്ളതിന്റെയും വിവരം ലഭ്യമല്ല .

ഇ . ആകെ 9 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചത് . എന്നാൽ 4 പേർക്കാണ് ആനുകൂല്യം അനുവദിച്ചത് . മുഴുവൻ പേർക്കും ആനുകൂല്യം അനുവദിക്കാതിരുന്നതിൽ മേൽ അപാകങ്ങൾ ശ്രദ്ധയിൽ പെടുത്തികൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 31/25-6-22 ന് മറുപടി ല്യമാക്കിയിട്ടില്ല . പരാമർശ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കും വരെക്കും ചെലവു തുക 900000 രൂപ തടസ്സത്തിൽ വക്കുന്നു.

## 1-23 അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 30 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 14 | |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 13 | |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 | കോട്ടൂർക്കോണം |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 5 | കാട്ടുംപുറം, മുടപുരം, പൂവിളക്കുന്ന്, എരുമക്കാവ്, ആയുർവേദ ജംഗ്ഷൻ |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 30 | എല്ലാ അങ്കണവാടികളും |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 6 | അരികത്തുവാർ, തിട്ടയിൽമുക്ക്, വൈദ്യന്റെമുക്ക്, |

| | | | |
|---|---|---|---|
| | | | എരുമക്കാവ്, പാവയിൽക്കട, തെങ്ങുംവിള |
| 7 | കളിസ്ഥലം ഇല്ലാത്തവ | - | |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - | |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | - | |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 29 | നൈനാംകോണം ഒഴികെയുള്ളത് |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 29 | വെള്ളൂർക്കോണം ഒഴികെയുള്ളത് |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 30 | എല്ലാ അങ്കണവാടികളും |
| 13 | വൈദ്യുതി ഇല്ലാത്തവ | - | |
| 14 | Baby Weighing Machine/salter Scale/ Platform Weighing Scale ഇല്ലാത്തവ | - | |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 30 | എല്ലാ അങ്കണവാടികളും |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 30 | എല്ലാ അങ്കണവാടികളും |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | - | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | - | |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | - | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - | |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | - | |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | | |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | . | |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - | |

| | | | |
|---|---|---|---|
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | - | |

അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/21.04.2022) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, G എന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കുകയും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. അതിനുള്ള മറുപടി പ്രകാരം 2020-21 ൽ കുട്ടികളെ ഇരുത്തിയിരുന്നില്ല എന്ന് അറിയിച്ചിരിക്കുന്നു. കുട്ടികളില്ലായെങ്കിലും കിണർ വൃത്തിയായി സൂക്ഷിക്കേണ്ടത് അനിവാര്യമായതിനാൽ അതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. 2019-2020 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ നല്ല രീതിയിൽ ലഭിച്ചിരുന്നുവെന്ന് മറുപടി നൽകിയിരിക്കുന്നു. മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവർത്തനം നടത്തിയിട്ടും സ്വന്തമായി കെട്ടിടം ഇല്ലാത്ത 14 അങ്കണവാടികൾ, ചുറ്റമതിൽ ഇല്ലാത്ത 5 അങ്കണവാടികൾ, ശിശുസൗഹൃദ ശുചിമുറി ഇല്ലാത്ത 30 അങ്കണവാടികൾ (മുഴുവൻ), സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡ് ഇല്ലാത്ത 30 അങ്കണവാടികൾ (മുഴുവൻ) എന്നിവ ഇനിയും അവശേഷിക്കുന്നുണ്ട്. അതിനാൽ അങ്കണവാടികളുടെ അവശ്യ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) 2020-21 ൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി പ്രകാരം 2020-21 ലെ പരിശോധനാഫലം ലഭ്യമാക്കിയതായി അറിയിച്ചിരിക്കുന്നു. എന്നാൽ 2022-23 ൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ടാണ് ലഭ്യമാക്കിയത്. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-24 അനുപൂരക പോഷകാഹാര പദ്ധതി - ടി.ഡി.എസ് ഈടാക്കുന്നില്ല

അനുപൂരക പോഷകാഹാര പദ്ധതിയിലെ വാങ്ങലുകളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം - റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ പ്രോജക്ട് നം. 23/21- അനുപൂരക പോഷകാഹാരം എന്നതിന്റെ ഭാഗമായി നിത്യദർശിനി ന്യൂട്രിമിക്സ്, കുടുംബശ്രീ യൂണിറ്റ്, മേലേമുക്ക്, കുറ്റിച്ചൽ പി.ഒ (GSTIN. 32AADAN7427L1ZF) എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം. | ക്യാഷ് ബിൽ നം./തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | 39/21.05.20 | 2/30.06.20 | 115640 |
| 2 | 35/20.04.20 | 2/30.06.20 | 90720 |
| 3 | 44/17.06.20 | 5/26.08.20 | 116375 |
| 4 | 49/28.07.20 | 5/26.08.20 | 120785 |
| 5 | 53/24.08.20 | 07/14.09.20 | 109410 |
| 6 | 56/29.09.20 | ചെക്ക് നം. 5531112/23.11.20 | 130095 |
| 7 | 58/30.10.20 | ചെക്ക് നം. 5531112/23.11.20 | 126175 |
| 8 | 61/24.11.20 | ചെക്ക് നം. 297370/05.03.21 | 119560 |
| 9 | 66/30.12.20 | ചെക്ക് നം. 297938/28.03.21 | 103530 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/25.06.22 ന് ലഭ്യമാക്കിയ മറുപടി, അമൃതം ന്യൂട്രിമിക്സിന്റെ ബില്ലുകളിൽ അതിന്റെ വിലയോടൊപ്പം സ്ഥാപനം ഉൾപ്പെടുത്തുന്ന ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ്. എന്നാൽ

സ്ഥാപനം ഹാജരാക്കുന്ന ഇൻവോയ്സുകൾക്ക് പണം നൽകുന്ന വേളയിൽ പഞ്ചായത്ത് 2% ടി.ഡി.എസ് സ്രോതസ്സിൽ കുറവു ചെയ്യാത്തതു സംബന്ധിച്ചാണ് ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളത്. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം, നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള പരിഷ്കരിച്ച മാർഗരേഖ സ.ഉ(സാധാ)നം. 553/2019/തസ്വഭവ, 07.03.19 പ്രകാരം താഴെപ്പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഖ.2.4.2 - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്.

ഖ. 2.6.2(7)- എല്ലാ ഹോംകെയർ യൂണിറ്റുകളും നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള ഒരു " ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ" (ഹോംകെയർ ആവശ്യമായ രോഗികളെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഹോംകെയർ പ്ലാൻ ചെയ്യുന്ന രജിസ്റ്റർ) സൂക്ഷിക്കേണ്ടതാണ്.

ഖ. 2.6.3(5)- ഗൃഹസന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ, ചെലവ് മുതലായവ) അനുബന്ധം 3 മാതൃകയിലുള്ള ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഖ. 2.6.4- ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

ഖ. 2.6.15- പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു " ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.7.5- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ് കണക്ക് പുസ്തകത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.11.1- മേൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സി യുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്. ഓരോ അവലോകനയോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് (നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിലാണ് ഇത് എഴുതേണ്ടത്). യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2020-21 വർഷം പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞവ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. ലഭ്യമാക്കിയ പി.എം.സി രജിസ്റ്റർ പ്രകാരം 2020-21 ൽ 3 തവണ മാത്രമാണ് യോഗങ്ങൾ കൂടിയിട്ടുള്ളത്. ഹോം കെയർ റിപ്പോർട്ട് ബുക്കിൽ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
മേൽ പ്രവർത്തനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 17/24.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പി.എം.സി രൂപീകരിച്ചെങ്കിലും കോവിഡ് സാഹചര്യത്തിൽ എല്ലാ മാസവും മീറ്റീംഗ് കൂടാൻ കഴിഞ്ഞിട്ടില്ലെന്നും 2021-22 മുതൽ 2 മാസത്തിൽ ഒരിക്കൽ യോഗം കൂടുന്നുണ്ടെന്നും പാലിയേറ്റീവ് പ്രവത്തനങ്ങളുമായി ബന്ധപ്പെട്ടതും മാർഗ്ഗരേഖ അനുശാസിക്കുന്നതുമായ എല്ലാ രജിസ്റ്ററുകളും പരിപാലിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ എല്ലാം നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനം സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ |
| പദ്ധതി നമ്പർ | 94/21 |
| പദ്ധതി അടങ്കൽ | ആകെ 18,00,000<br>7,00,000 (വികസന ഫണ്ട്)<br>11,00,000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | ആകെ 18,00,000<br>7,00,000 (വികസന ഫണ്ട്) |

| | |
|---|---|
| | 11,00,000 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ട്രഷറി ബിൽ നം. 23/11.02.21 പ്രകാരം പാലീയേറ്റീവ് മരുന്ന് ലഭ്യമാക്കുന്നതിന് 6377/21.01.21 നം. ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ IHDB SAT Hospital ന് 628896 രൂപ അനുവദിച്ചിരുന്നു. എന്നാൽ വിവിധ ബില്ലുകൾ പ്രകാരം ആകെ 607435 രൂപയുടെ മരുന്നാണ് ലഭിച്ചിട്ടുള്ളത്. അതിൽ 736 രൂപയുടെ മരുന്ന് തിരികെ നൽകിയതായി റിട്ടേൺ ബിൽ ഉണ്ട്. എന്നാൽ ബാക്കി 22197 [628896-(607435-736)] രൂപയുടെ മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ബിൽ ഹാജരാക്കുന്നതിനും സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.20/24.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ 27.07.21 ന് ലഭിച്ച 24153 രൂപയുടെ ബില്ലിൽ പാലിയേറ്റീവ് മരുന്നു കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ IHDB യിൽ നിന്നും ലഭ്യമാക്കിയ 2020-21 ലെ സ്റ്റേറ്റ്മെന്റ് പ്രകാരം 27.07.21 ലെ ബില്ലിൽ 10704 രൂപയുടെ പാലിയേറ്റീവ് മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കിയുള്ള 11493 രൂപയുടെ (22197-10704) മരുന്ന് നാളിതുവരെ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും അടിയന്തിരമായി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

2. KL-01-CB 3776 നം. ആംബുലൻസിന്റെ ഡ്രൈവർക്ക് വേതനം നൽകുന്നതിന് വിവിധ ബില്ലുകൾ പ്രകാരം 2020-21 വർഷം ആകെ 1,94,500 രൂപ ചെലവാക്കിയിട്ടുണ്ട്. അതിൽ 173550 രൂപ ശ്രീ.സിയാദ്.എസ്.എസ് എന്നയാളിനും ബാക്കിയുള്ള 21450 രൂപ 20.11.20 മുതൽ 22.12.20 വരെയുള്ള കാലയളവിൽ ശ്രീ.ഉണ്ണിക്കൃഷ്ണൻ നായർ എന്നയാളിനും നൽകിയിട്ടുള്ളതാണ്. എന്നാൽ ശ്രീ.സിയാദ്.എസ്.എസ്, ഡ്രൈവറുടെ നിയമന ഉത്തരവ്, കരാർ എന്നിവ മേൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയെങ്കിലും ടിയാൾ ലീവിലായിരുന്ന സമയത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ശ്രീ.ഉണ്ണിക്കൃഷ്ണൻ നായർക്ക് നിയമനം നൽകിയതു സംബന്ധിച്ച ഉത്തരവ്, രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. ട്രഷറി ബിൽ നം. 32/30.03.21 പ്രകാരം സെൻട്രൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും CEAT ടയർ 2 എണ്ണം വാങ്ങിയ വകയിൽ 6244 രൂപ ഡ്രൈവറുടെ പേരിൽ അനുവദിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ഇനം സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. മേൽ ഇനം സ്റ്റോക്കിലെടുത്തിരുന്നില്ലെന്നും ഇനി മുതൽ വാഹന പരിപാലനവുമായി ബന്ധപ്പെട്ട് സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതാണെന്നും മറുപടി നൽകിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പിഎച്ച്സിയുടെ ആംബുലൻസ് ലോഗ് ബുക്ക് പരിശോധന

പി.എച്ച്.സി യുടെ KL-01-CB 3776 നം. ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1) കോളം നമ്പർ 3 ൽ വാഹനത്തിന്റെ യാത്രയുടെ ആരംഭം കിഴവിലം ഗ്രാമ പഞ്ചായത്ത് കാര്യാലയം ആയി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കോളം നമ്പർ 9 ൽ ലക്ഷ്യ സ്ഥാനം രേഖപ്പെടുത്തിയിട്ടില്ല. കോളം നമ്പർ 5 ൽ യാത്രയുടെ ഉദ്ദേശ്യം രേഖപ്പെടുത്തേണ്ട കോളത്തിലാണ് പോയ സ്ഥലം രേഖപ്പെടുത്തിയിട്ടുള്ളത്. ലക്ഷ്യ സ്ഥാനത്ത് ഹാൾട്ട് ചെയ്ത സമയം എത്രയാണെന്ന് ലോഗ് ബുക്കിൽ എഴുതിയിട്ടില്ല.

2) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11-1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ വിവരങ്ങളും ഒപ്പും കോളം 6, 8 എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

3) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം- 1 ഖണ്ഡിക-3 പ്രകാരം ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ മാസവും പ്രത്യേകം ഫയലുകൾ), ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ നൽകിയിട്ടില്ല.

5) ലഭ്യമാക്കിയ വാഹനത്തിന്റെ മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവയിൽ 2020-21 വർഷം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/24.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇനിമേൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-28 പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6,

ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഒന്നും തന്നെ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) സ.ഉ(കൈ) നം. 11/2018/തസ്വഭവ, തിരുവനന്തപുരം തീയതി: 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഒരു ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

4) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള 2020-21 വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.50/22.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുക്കൊണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 കേദാരം സമഗ്ര നെൽകൃഷി വികസനം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | കേദാരം സമഗ്ര നെൽകൃഷി വികസനം രണ്ടാം വിള |
| പദ്ധതി നമ്പർ | 253/21 |
| പദ്ധതി അടങ്കൽ | 1218463 (വികസന ഫണ്ട്)<br>739500 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>206484 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>324188 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 1151788 (വികസന ഫണ്ട്)<br>636656 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>324188 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

എ) കിഴവിലം ഇക്കോഷോപ്പിൽ നിന്നും ഇൻവോയിസ് നം. 49/27.10.20 പ്രകാരം 560 കിലോയും KSSDC യിൽ നിന്നും 910(1)/17.02.21 പ്രകാരം 6496 കിലോയും ചേർത്ത് ആകെ 7056 കിലോ നെൽ വിത്തുകളാണ് മേൽ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയത്. എന്നാൽ പ്രസ്തുത വിത്തുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല.

ബി) പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം കൂലി സബ്സിഡി സ്ഥലപരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന ഉറപ്പ് വരുത്തിയാണ് നൽകേണ്ടത്. എന്നാൽ അപ്രകാരമുള്ള പരിശോധനാ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

സി) അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

ഡി) അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, കൃഷി ഓഫീസർ എന്നിവർ പരിശോധനാ റിപ്പോർട്ട്, വാല്യൂവേഷൻ റിപ്പോർട്ട് എന്നിവ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇ) ചില അപേക്ഷകളിൽ പാട്ടകൃഷി നടത്തുന്നതിന് ഭൂവുടമയുടെ സമ്മതപത്രം/പാട്ടകരാർ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/27.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വെയ്ക്കുന്നതിന് വിട്ടുപോയതാണെന്നും മറ്റ് അപാകതകൾ കോവിഡ് സാഹചര്യം കാരണം ഉണ്ടായതാണെന്നും അറിയിച്ചിരിക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കൃഷി ഓഫീസറുടെ വിവിധ പ്രോജക്ടുകളിലെ അപാകതകൾ

എ

| | |
|---|---|
| പദ്ധതിയുടെ പേര് | ജീവനി-മട്ടുപ്പാവിൽ പച്ചക്കറി കൃഷി (മൺചട്ടി) |
| പദ്ധതി നമ്പർ | 137/21 |
| പദ്ധതി അടങ്കൽ | 150000 (വികസന ഫണ്ട് എസ്.സി.പി)<br>50000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 150000 (വികസന ഫണ്ട് എസ്.സി.പി)<br>50000 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

എസ്.സി വിഭാഗത്തിൽ പെട്ട ജൈവകൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകരാണ് ഗുണഭോക്താക്കൾ. പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈയോടു കൂടിയ മൺചട്ടികളാണ് അനുവദിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. KAICO യിൽ നിന്നും ഇൻവോയിസ് നം. X-720/05.02.21 പ്രകാരം പച്ചക്കറി തൈയോടു കൂടിയ മൺചട്ടികൾ 250 എണ്ണമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ പ്രസ്തുത വിത്തുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല.

2. അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശുപാർശയോ കൃഷി ഓഫീസറുടെ ഉത്തരവോ രേഖപ്പെടുത്തിയിട്ടില്ല.

3. ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം |
|---|---|
| 1 | ജയ.ജെ, ഗ്രീഷ്മം |
| 2 | ബിന്ദു.എൽ, ഇടമനവിള വീട് |
| 3 | രാജാമണി.കെ, പ്രകാശ് നിവാസ് |
| 4 | ലത.ഡി, നെട്ടാന്തിക്കോണ് |
| 5 | ലത.കെ, മായാലയം |
| 6 | ശശികല.ജി, ചരുവിള വീട് |
| 7 | തങ്കച്ചി, വി.റ്റി.ഹൗസ് |
| 8 | ശോഭന.ബി, വിളയിൽ വീട് |
| 9 | ഷീബ.എ.എസ്, ഉത്രാടം |
| 10 | അനില.എസ്, മലർവാടി |
| 11 | അനിൽ.സി, മുപ്പറത്തിട്ടയിൽ വീട് |
| 12 | ഷൈജു.സി, അടിക്കലം |
| 13 | സുധ, കല്ലുവിള വീട് |
| 14 | സന്തോഷ്.പി, ചരുവിള വീട് |
| 15 | ലേഖ, അജേഷ് ഭവൻ |
| 16 | രജനി, ഉണ്ടുവിള വീട് |
| 17 | പ്രസന്നകുമാരി,എ, മേലതിൽ വീട് |

4. ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന വ്യക്തികൾ എസ്.സി യാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം |
|---|---|
| 1 | ബാബു, എസ്.എസ്.ഭവൻ |
| 2 | വസന്ത, തെക്കേപാട്ടത്തിൽ വീട് |
| 3 | ഹരിപ്രിയ, പണ്ടിവാരത്ത് വീട് |
| 4 | മിനി, കുന്നത്ത് കാട് വീട് |
| 5 | ലതപ്രസാദ്, വാറുവിള വീട് |
| 6 | സതി.എസ്, എം.എസ്.ഭവൻ |
| 7 | സരോജം, പുത്തൻവിള കോളനി |

| | |
|---|---|
| 8 | സരസ്വതി, മൂഴി പറമ്പത്ത് |
| 9 | സുശീല, പനയരവിലകം |
| 10 | വിലാസിനി, പാലക്കാട്ട് വിള വീട |
| 11 | തങ്കിണി, സാവിത്രി നിവാസ് |

ബി

| | |
|---|---|
| പദ്ധതിയുടെ പേര് | വാഴ കൃഷി വികസനം |
| പദ്ധതി നമ്പർ | 136/21 |
| പദ്ധതി അടങ്കൽ | 195000 (വികസന ഫണ്ട് പൊതു വിഭാഗം)<br>45000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 195000 (വികസന ഫണ്ട് പൊതു വിഭാഗം)<br>45000 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

1. വാഴ കൃഷി വികസനം ലക്ഷ്യമിടുന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി കിഴവിലം ഇക്കോഷോപ്പിൽ നിന്നും ഇൻവോയിസ് നം. 51/27.10.20 പ്രകാരം 4000 കിലോ വീതം വാഴ വിത്ത്, വളം, കുമ്മായം, എന്നിവയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത വിത്തുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല. കൂടാതെ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖ/രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2. ബന്ധപ്പെട്ട അപേക്ഷകൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/28.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സി.

| | |
|---|---|
| പദ്ധതിയുടെ പേര് | ജൈവ നെൽകൃഷി |
| പദ്ധതി നമ്പർ | 134/21 |
| പദ്ധതി അടങ്കൽ | 31276 (വികസന ഫണ്ട്)<br>47600 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>7140 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 29568 (വികസന ഫണ്ട്)<br>47600 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>6720 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പഞ്ചായത്തിലെ 7 പാടശേഖര സമിതികളിലെ സ്ഥലത്ത് ജൈവ നെൽകൃഷിയ്ക്ക് ആനുകൂല്യം നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1) KSSDC യിൽ നിന്നും ഇൻവോയിസ് നം. 910(2)/17.02.21 പ്രകാരം വാങ്ങിയ 224 കിലോ നെൽവിത്തുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല. കൂടാതെ വാങ്ങിയ വിത്തുകൾ പാടശേഖര സമിതികൾ മുഖേനയാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. എന്നാൽ അപ്രകാരം കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റും ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം കൂലി സബ്സിഡി സ്ഥലപരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയാണ് നൽകേണ്ടത്. എന്നാൽ അപ്രകാരമുള്ള പരിശോധനാ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

ഡി

| | |
|---|---|
| പദ്ധതിയുടെ പേര് | ജൈവസമൃദ്ധി-ജൈവപച്ചക്കറി കൃഷി (ഗ്രൂപ്പുകൾക്ക്) |

| | |
|---|---|
| പദ്ധതി നമ്പർ | 135/21 |
| പദ്ധതി അടങ്കൽ | 117900 (വികസന ഫണ്ട്)<br>33300 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 117900 (വികസന ഫണ്ട്)<br>33300 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

1. ഗ്രാമസഭ തെരഞ്ഞെടുത്ത 24 ഗ്രൂപ്പുകളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന കുടുംബശ്രീ JLG (Joint Liability Group) കളുടെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 2020-21 ന് മുൻപ് തന്നെ അവസാനിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടുംബശ്രീ JLG യുടെ പേര് | അഫിലിയേഷൻ കാലാവധി |
|---|---|---|
| 1 | മൊഹബത്ത് JLG | 16.12.17 മുതൽ 16.12.18 വരെ |
| 2 | നിധി JLG | 16.12.17 മുതൽ 16.12.18 വരെ |

ഇപ്രകാരം പ്രോജക്ട് വർഷം അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2. കിഴവിലം ഇക്കോഷോപ്പിൽ നിന്നും ഇൻവോയിസ് നം. 22/24.09.20 പ്രകാരം വാങ്ങിയ 24 യൂണിറ്റ് സാധനങ്ങൾ (വിത്ത്, തൈകൾ, വളം, കീടനാശിനി എന്നിവ) സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/28.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതികളിലെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 സുഭിക്ഷ കേരളം - പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷ കേരളം - തരിശു ഭൂമിയിലെ വാഴകൃഷി |
| പദ്ധതി നമ്പർ | 190/21 |
| പദ്ധതി അടങ്കൽ | 105000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 100320 (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

അപാകതകൾ

എ. വാഴകൃഷി ചെയ്യുന്നതിന് 19200 രൂപ ധനസഹായം ലഭിച്ച വനജകുമാരി എന്ന വ്യക്തിയുടെ അപേക്ഷ ലഭ്യമാക്കിയിട്ടില്ല.

ബി. ആനുകൂല്യം ലഭിച്ച ശ്രീ.സേതു.വി.നായർ എന്നയാളിന്റെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള വസ്തുവിന്റെ കരം അടച്ച രസീത് ശ്രീ.ജയൻ എന്നയാളുടെ പേരിലാണ്. ഭൂ ഉടമയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ മുഴുവൻ തുകയും (3840 രൂപ ) അപേക്ഷകന്റെ പേരിൽ അനുവദിച്ചിരിക്കുന്നു.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷ കേരളം - തരിശു ഭൂമിയിലെ പച്ചക്കറി കൃഷി |
| പദ്ധതി നമ്പർ | 191/21 |
| പദ്ധതി അടങ്കൽ | 160000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 154012 (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

അപാകതകൾ

എ. പച്ചക്കറി കൃഷി ചെയ്യുന്നതിന് 29600 രൂപ ധനസഹായം ലഭിച്ച ഗീതാകുമാരി, 2400 രൂപ ലഭിച്ച അബ്ദുൾ അസീസ് എന്നിവരുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.

ബി. 8880 രൂപ ആനുകൂല്യം ലഭിച്ച ശ്രീമതി ഹേമലത എന്നയാളിന്റെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള വസ്തുവിന്റെ കരം

അടച്ച രസീത് ശ്രീമതി ആബിദാബീവി എന്നയാളുടെ പേരിലും 6660 രൂപ ആനുകൂല്യം ലഭിച്ച ശ്രീമതി ഷോഫിദ ബീവി.എസ് എന്നയാളിന്റെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള വസ്തുവിന്റെ കരം അടച്ച രസീത് ബേബി ഷെറിൻ എന്നയാളുടെ പേരിലും ഉള്ളതാണ്. ഭൂ ഉടമയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ മുഴുവൻ തുകയും അപേക്ഷകന്റെ പേരിൽ തന്നെ അനുവദിച്ചിരിക്കുന്നു.

സി. കൂടാതെ പാട്ടകൃഷി ചെയ്യുന്നതിന് ഭൂ ഉടമയായ ശ്രീ.ചന്ദ്രൻ, തെറ്റിവിള വീട് എന്നയാളുമായി സമ്മതപത്രം വെച്ചിട്ടുള്ള അമ്പിളി, കോണത്ത് പുത്തൻ വീട് എന്നയാളിനാണ് മുഴുവൻ തുകയും (14800 രൂപ) അനുവദിച്ചിരിക്കുന്നത്. ഭൂ ഉടമയുടെ വിഹിതം നൽകിയിട്ടുള്ളതായി കാണുന്നില്ല.

ഡി. ആനുകൂല്യം ലഭിച്ച തങ്കച്ചി സുഗതൻ (3200 രൂപ), വി.ശ്രീകണ്ഠൻ നായർ (11840 രൂപ) എന്നിവർ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

3.

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷ കേരളം - തരിശു ഭൂമിയിലെ കിഴങ്ങുവർഗ്ഗ കൃഷി |
| പദ്ധതി നമ്പർ | 192/21 |
| പദ്ധതി അടങ്കൽ | 120000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 118380 (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

അപാകതകൾ

എ. 21600 രൂപ ആനുകൂല്യം ലഭിച്ച ശ്രീമതി ഗീതാകുമാരി എന്നയാളിന്റെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള വസ്തുവിന്റെ കരം അടച്ച രസീത് ശ്രീ.അബ്ദുൾ അസീസ് എന്നയാളുടെ പേരിലും 108000 രൂപ ആനുകൂല്യം ലഭിച്ച സോഫിയ, ചരുവിള പമ്മംകോട് എന്നയാളിന്റെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള വസ്തുവിന്റെ കരം അടച്ച രസീത് ആബിദാബീവി എന്നയാളുടെ പേരിലും ഉള്ളതാണ്. ഭൂ ഉടമയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ മുഴുവൻ തുകയും അപേക്ഷകന്റെ പേരിൽ തന്നെ അനുവദിച്ചിരിക്കുന്നു.

ബി. ആനുകൂല്യം ലഭിച്ച അബ്ദുൾ അസീസ് (2400 രൂപ), ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

4. സ്പിൽ ഓവർ പ്രോജക്ട് നം. 182/21 – തരിശ് നെൽകൃഷി യുടെ ട്രഷറി ബിൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അതു പ്രകാരം 3 ഗുണഭോക്താക്കൾക്ക് ആകെ 16048 രൂപ ആനുകൂല്യം അനുവദിച്ചിരിക്കുന്നു. എന്നാൽ പ്രോജക്ട് ഫോറം, അനുബന്ധരേഖകൾ, അപേക്ഷകൾ എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 44/28.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 0 | 47600 | ജൈവ നെൽകൃഷി | 47600 | 0 |
| | | 0 | 608957 | കേദാരം സമഗ്രനെൽകൃഷി വികസനം ഒന്നാംവിള | 608957 | 0 |
| | | 0 | 636656 | കേദാരം സമഗ്രനെൽകൃഷി വികസനം രണ്ടാംവിള | 636656 | 0 |
| | | 888418 | 0 | ലൈഫ് മിഷൻ ഭവന പദ്ധതി - ജനറൽ | 610000 | 278418 |
| | | 2021880 | 0 | ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികജാതി | 1150000 | 871880 |
| | | 0 | 306375 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 306375 | 0 |
| | | 160000 | 0 | പറയത്തുകൊണം ലക്ഷം വീട് കോളനിയിൽ ജില്ലാ പഞ്ചായത്ത് സമഗ്ര സംയുക്ത ഭവന നിർമ്മാണ പദ്ധതി (പട്ടികജാതി) | 160000 | 0 |
| | | 0 | 200000 | ന്യൂ ലൈഫ് പദ്ധതി | 200000 | 0 |
| | | 0 | 195578 | ക്ഷീരസമൃദ്ധി (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വനിത) | 195578 | 0 |
| | | 0 | 94746 | ക്ഷീരസമൃദ്ധി (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജനറൽ) | 94746 | 0 |
| | | 2133537 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 2133537 |
| ആകെ | | 5203835 | 2089912 | | 4009912 | 3283835 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 608957 | കേദാരം സമഗ്രനെൽകൃഷി വികസനം ഒന്നാംവിള | 608957 | 0 |
| | | 0 | 95750 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 95750 | 0 |
| | | 0 | 285000 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 285000 | 0 |
| | | 0 | 320000 | പറയത്തുകൊണം ലക്ഷം വീട് കോളനിയിൽ ജില്ലാ പഞ്ചായത്ത് സമഗ്ര സംയുക്ത ഭവന നിർമ്മാണ പദ്ധതി (പൊതു വിഭാഗം) | 320000 | 0 |
| | | 0 | 175000 | ക്ഷീരസമൃദ്ധി (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വനിത) | 175000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 80000 | ക്ഷീരസമൃദ്ധി (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജനറൽ) | 80000 | 0 |
| | | 873720 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 873720 |
| ആകെ | | 873720 | 1564707 | | 1564707 | 873720 |

| | 2019-20 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5203835 | 2514912 | 7718747 | 4009912 | 3708835* | 0 | 3283835 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 873720 | 1989707 | 2863427 | 1564707 | 1298720** | 0 | 873720 |

* എസിആർ പ്രകാരം പ്രോജക്ട് നം. 175/21-കേദാരം - സമഗ്ര നെൽകൃഷി വികസനം രണ്ടാം വിളയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 425000 രൂപ ചെലവ് വന്നിട്ടുണ്ട്. ആയത് സുലേഖ ചെലവ് പത്രികയിൽ വന്നിട്ടില്ല.

**എസിആർ പ്രകാരം പ്രോജക്ട് നം. 175/21-കേദാരം - സമഗ്ര നെൽകൃഷി വികസനം രണ്ടാം വിളയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം 425000 രൂപ ചെലവ് വന്നിട്ടുണ്ട്. ആയത് സുലേഖ ചെലവ് പത്രികയിൽ വന്നിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക | ബാക്കി തുക | അക്കൌണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | |
|---|---|---|---|---|---|---|---|
| 2020-21 | | | | | | | |
| കേരള വാട്ടർ അതോറിറ്റി | 1699495 | 260/21 പി.എച്ച്.സിയിലേയ്ക്ക് വാട്ടർ കണക്ഷൻ-കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് തുക അടവാക്കൽ | 35693 | - | 35693 | - | 1947439 |
| | | 241/21 ജൽ ജീവൻ മിഷൻ (കുടിവെള്ള പൈപ്പ്ലൈൻ നീട്ടലും വ്യക്തിഗത കുടിവെള്ള കണക്ഷൻ നൽകലും) വാട്ടർ അതോറിറ്റിയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ | *212251 | - | 212251 | - | |
| | | ആകെ | 247944 | - | 247944 | | |
| കെ.എസ്.ഇ.ബി | 1458381 | 17/21 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 290013 | 43942 | 246071 | | 1758991 |
| | | 260/21 ആയുർവേദ ആശുപത്രിയിൽ ഇലക്ട്രിക് കണക്ഷൻ | 54539 | - | 54539 | | |
| | | ആകെ | **344552 | 43942 | 300610 | | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 204500 | 249/21 പുതിയ കുഴൽ കിണർ സ്ഥാപിക്കൽ | 13545 | - | 13545 | | 306553 |
| | | 82/21 കട്ടവാക്കര കോളനിയിൽ കുഴൽ കിണർ സ്ഥാപിക്കൽ | 88508 | - | 88508 | - | |
| | | ആകെ | ***102053 | | 102053 | | |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 241/21, ജൽ ജീവൻ മിഷൻ ന്റെ ഭാഗമായി 212251 രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. പകരം RP-39 ൽ Capital Work In Progress എന്ന ഹെഡ്ഡിലാണ് ചെലവഴിച്ചിട്ടുള്ളത്.

** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 17/21, 260/21 എന്നിവയുടെ ഭാഗമായി ആകെ 344552 രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ 198484 രൂപയുടെ ചെലവ് മാത്രമാണ് വന്നിട്ടുള്ളത്. കൂടാതെ ബാക്കിയുള്ള 146068 (344552-198484) രൂപയുടെ ചെലവ് RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. അതിൽ 57979 രൂപയുടെ ചെലവ് 25120001 എന്ന ഹെഡിലാണ് വന്നിട്ടുള്ളത്. കൂടാതെ ടി തുകയിൽ 2020-21 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത 300610 രൂപ മുഴുവനായും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 1744954രൂപയാണ്. 14037 (1758991-1744954) രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

*** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 17/21, 260/21 എന്നിവയുടെ ഭാഗമായി ആകെ 102053 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അനുവദിച്ചിട്ടുള്ളതിന്റെ അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. കൂടാതെ 2020-21 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത ടി തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. 20-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2019-20 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക 204500 തന്നെയാണ്.

| | 2019-20 B-18 ,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം RP-49 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 1699495 | 35693 | 1735188 | - | 1735188 | 1947439 |
| കെ.എസ്.ഇ.ബി | 1458381 | 198484 | 1656865 | 43942 | 1612923 | 1744954 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 204500 | - | 204500 | - | 204500 | 204500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 151/2017 LSGD തീ.31.07.17 | 11908236 | 1920000 | 1756471 | 12071765 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃതറിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2016-17 | 3-6 | 2017-18 | 1-1 | നിലവിൽ ഇല്ലാത്ത തസ്തികയിലും ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം | - |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 37503281 |
| ഓഡിറ്റ് വർഷത്തെ വരവ് | 120600071 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 125868406 |
| നീക്കിയിരിപ്പ് | 32234946 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1462636 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 454060 | ശ്രീ . ബെൻസി ലാൽ കെ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-17 | 108576 | ഡോ. സി ജെ ജിജി ഭായ് , വെറ്ററിനറി സർജൻ |
| 1-22 | 900000 | ശ്രീ. ബിനു പ്രസാദ് , വി ഇ ഒ സർക്കിൾ 2 |
| ആകെ | 1462636 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ബിന്ദു പ്രസാദ് ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | ചെട്ടിതൊടി വീട്, വക്കം പി.ഒ. |
| ഡോ. സി ജെ ജിജി ഭായ് , വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഗ്രാമപഞ്ചായത്ത് | ജോ ദീപ്തി , കരുമം പി ഒ |
| ശ്രീ . ബെൻസി ലാൽ കെ ആർ അസിസ്റ്റന്റ് , സെക്രട്ടറി | സെക്രട്ടറി ഉടുമ്പൻ ചോല | വൈദേഹി , കല്ലമ്പലം പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1415/2018 തീയതി 22.05.2018 | 2 |
| 2007-08 | | 4 |
| 2008-09 | | 8 |
| 2009-10&10-11 | | 11 |
| 2011-12 | | 2 |
| 2012-13 | | 11 |
| 2013-14 | | 28 |
| 2014-15 | | 6 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/2131/2016 തീയതി 19.12.2016 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1664(എ)/2017 തീയതി 21.08.2017/27.09.2017 | 23 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/2191/2018 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1748/2019 തീയതി 11.10.2019 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.4/ ജി.പി.8/2022, തീയതി 3-3-22 | 39 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,=.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്